# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/106/2018 2018 മെയ് 19

## പത്രക്കുറിപ്പ്

**പുതുക്കിയ പരീക്ഷാ തീയതി**

മെയ് 22ന് നടത്താൻ നിശ്ചയിച്ചിരുന്ന എട്ടാം സെമസ്റ്റർ ബി.ടെക് (പഴയ സ്കീം, 1997-2001, 2002-2009 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ സ്ട്രക്ചറൽ ഡൈനാമിക്സ് & സ്റ്റെബിലിറ്റി അനാലിസിസ്, സോയിൽ സ്റ്റെബിലിറ്റി അനാലിസിസ്, ഡിജിറ്റൽ പ്രൊട്ടക്ഷൻ ഓഫ് പവർ സിസ്റ്റംസ് എന്നീ പേപ്പറുകൾ ജൂൺ 5ന് നടത്താൻ പുതുക്കി നിശ്ചയിച്ചു. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

**ബി.കോം സൂക്ഷ്മപരിശോധന**

2017 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ്.) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധന മെയ് 28, 29, 30 തീയതികളിൽ നടത്തും. അപേക്ഷകർ തിരിച്ചറിയൽ രേഖകളുമായി സിൽവർ ജൂബിലി പരീക്ഷാഭവനിലെ ബി.കോം പുനർമൂല്യനിർണ്ണയ സെക്ഷനിൽ (റൂം നമ്പർ 225) ഹാജരാകണം.

**പരീക്ഷാഫലം**

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ്/മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് മെഡിക്കൽ ഡോക്യുമെന്റേഷൻ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ജൂൺ 2 വരെ അപേക്ഷിക്കാം.

**സിൻഡിക്കേറ്റ് യോഗ തീരുമാനങ്ങൾ**

1. യു.ജി. പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപന നടപടികൾ റെക്കാർഡ് വേഗതയിൽ സ്തുത്യർഹമായ നിലയിൽ പൂർത്തിയാക്കിയ അദ്ധ്യാപകർ, കോളേജ് പ്രിൻസിപ്പൽമാർ, സർവ്വകലാശാലാ ജീവനക്കാർ എന്നിവരെ സിൻഡിക്കേറ്റ് അഭിനന്ദിച്ചു.
2. സർവ്വകലാശാലാ ബജറ്റിൽ പ്രഖ്യാപിച്ച ഓൺലൈൻ സർട്ടിഫിക്കറ്റ് വിതരണത്തിന്റെ ഭാഗമായി മൈഗ്രേഷൻ, കോളേജ് ട്രാൻസ്ഫർ, എൻ.എസ്.എസ്. അഡ്മിഷൻ മുതൽ ഗ്രേസ് മാർക്ക് വിതരണം വരെയുള്ള സേവനങ്ങൾ ജൂൺ ഒന്നു മുതൽ ഓൺലൈനിൽ ആരംഭിക്കും.
3. ഒഴിവുള്ള മുഴുവൻ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകൾ ഉടൻ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യും.
4. പരീക്ഷാ ഉത്തരക്കടലാസ് മൂല്യനിർണ്ണയത്തിൽ യഥാർത്ഥ മാർക്ക് ലഭിക്കേണ്ട വിദ്യാർത്ഥികൾക്ക് അലംഭാവം മൂലം വീഴ്ച വരുത്തിയ അദ്ധ്യാപകർക്ക് പിഴ ചുമത്തും.
5. മുട്ടം എഞ്ചിനീയറിംഗ് കോളേജിന്റെ സ്ഥലവില കുടിശ്ശികയായ 18 കോടി രൂപ സർവ്വകലാശാലാ ഫണ്ടിൽ നിന്നും ഈടാക്കുന്നതിനുള്ള തീരുമാനം പിൻ വലിക്കണമെന്ന് സർക്കാരിനോട് സിൻഡിക്കേറ്റ് അഭ്യർത്ഥിച്ചു. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, സിൻഡിക്കേറ്റ് മെമ്പർമാരായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. കെ. ഷെറഫുദ്ദീൻ, ഡോ. എ. ജോസ് എന്നിവരെ സർക്കാരുമായി ഈ വിഷയത്തിൽ ചർച്ച നടത്താൻ ചുമതലപ്പെടുത്തി.

6. സർവ്വകലാശാലാ ഫണ്ടിൽ നിന്നും സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിന് (CPAS) 50 കോടി രൂപ കൈമാറണമെന്ന നിർദ്ദേശം അംഗീകരിക്കാൻ കഴിയില്ലെന്ന സിൻഡിക്കേറ്റ് നിലപാട് ഉന്നത വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കും.

യോഗത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**